ഷാനവാസ്

# മിഅ്റാജ്
# മാനവിക ഔന്നത്യത്തിന്റെ അനർഘനിമിഷം

ഭൂമിയിൽ ജീവിക്കുമ്പോഴും ഉയർന്നു നോക്കണം എന്നൊരു സന്ദേശം മിഅ്റാജിൽ നിന്ന് ലഭിക്കുന്നുണ്ട്. ഭൂമിയിലെ ചരാചരങ്ങളെല്ലാം ഭൂമിയിൽ തന്നെ സൃഷ്ടിക്കപ്പെട്ടതാണ്. എന്നാൽ മനുഷ്യൻ ഉന്നതങ്ങളിൽ സൃഷ്ടിക്കപ്പെട്ട് ഭൂമിയിൽ ഇറക്കി വിടപ്പെട്ടവനാണ് (2:36, 38). അതിനാൽ മനുഷ്യൻ ഭൂമിയിൽ കാലുറപ്പിച്ചു നടക്കുമ്പോഴും ആകാശത്തേക്ക് കണ്ണയക്കേണ്ടത് അനിവാര്യമാണ്.

**അത്യസാധാരണമായിരുന്നു** ആ സംഭവം. പ്രപഞ്ചം അതിനു മുമ്പും ശേഷവും സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒന്ന്. മണ്ണിലെ മനുഷ്യപുത്രന് ജനിച്ച ഒരു മനുഷ്യനായ പ്രവാചകൻ പ്രപഞ്ചാധിപതിയുടെ ക്ഷണപ്രകാരം അത്യുന്നതങ്ങളിൽ ചെന്ന് ഉടയ തമ്പുരാന്റെ ആതിഥ്യമനുഭവിച്ചു തിരിച്ചുപോന്നു. മുഹമ്മദ് നബി(സ)ക്ക് പ്രവാചകത്വം ലഭിച്ചതിന്റെ പന്ത്രണ്ടാം വർഷം റജബ് ഇരുപത്തിയേഴിനായിരുന്നു അത്.

സംഭവമിങ്ങനെ: ജിബ്രീൽ(അ) നബി(സ)യെ മക്കയിൽനിന്ന് ജറൂസലമിലെ ബൈത്തുൽ മഖ്ദിസിലേക്ക് കൊണ്ടുപോയി. പള്ളിയിൽ കടന്ന് രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിച്ചു. പിന്നീട് ആകാശയാത്ര ആരംഭിച്ചു. ഓരോ ആകാശത്തിലും മലക്കുകൾ നബി(സ)യെ സ്വീകരിച്ചു. ഓരോ ആകാശങ്ങളിലുമുണ്ടായിരുന്ന പ്രവാചകന്മാർക്ക് നബി(സ) സലാം ചൊല്ലി. ആറാമാകാശത്തിൽ കലീമുല്ലാഹി (അല്ലാഹു സംസാരിച്ച) മൂസാ(അ)യുടെയും ഏഴാം ആകാശത്തിൽ ഖലീലുല്ലാഹി (അല്ലാഹുവിന്റെ ഉറ്റ മിത്രം) ഇബ്റാഹീ(അ)മിന്റെയും അടുക്കൽ പ്രവാചകൻ ചെന്നു. പിന്നീട് അവിടെ നിന്നും അപ്പുറം കടന്ന് അല്ലാഹു കണക്കാക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്ന പേനകളുടെ ചലനം കേൾക്കാൻ സാധിക്കുന്ന ഒരു മണ്ഡലത്തിൽ പ്രവാചകനെത്തി. സിദ്റത്തുൽ മുൻതഹാ എന്ന വൃക്ഷവും കണ്ടു. അനേകം നിറങ്ങളും മലക്കുകളും അതിനെ ആവരണം ചെയ്തിരുന്നു. അവിടെ വെച്ച് ജിബ്രീ(അ)ലിന്റെ സാക്ഷാൽ രൂപം തിരുമേനി കാണുകയുണ്ടായി. ബൈത്തുൽ മഅ്മൂറും നബി കണ്ടു. കഅ്ബക്ക് സമാനമായ ആകാശ ഭവനമാണത്. ദിവസം തോറും എഴുപതിനായിരം മലക്കുകൾ അതിൽ പ്രവേശിച്ച് ആരാധനാ കർമങ്ങൾ ചെയ്യുന്നു. അവർ പിന്നീട് ഖിയാമത്ത് നാൾ വരെ മടങ്ങിവരില്ല. സ്വർഗവും നരകവും കണ്ടു. അഞ്ചു നേരത്തെ നമസ്കാരം അവിടെ വെച്ച് നിർബന്ധമാക്കപ്പെട്ടു. പിന്നീട് തിരുമേനി ബൈത്തുൽ മഖ്ദിസിലേക്ക് ഇറങ്ങുകയും ആ രാത്രി തന്നെ മക്കയിലേക്ക് മടങ്ങിവരികയും ചെയ്തു (വ്യത്യസ്ത രിവായത്തുകളിൽ വന്നതിന്റെ ചുരുക്കം).

നോക്കുക! എത്ര ചേതോഹരമായ ദൃശ്യം! മനുഷ്യകുലത്തിൽ പിറന്ന ആരും മോഹിച്ചുപോവുന്ന ഔന്നത്യപൂർണതയുടെ അപൂർവ സൗഭാഗ്യം. പ്രവാചകന്റെ ധാർമിക ഉന്നതിക്ക് അല്ലാഹു വചനത്തിലൂടെ സാക്ഷ്യം വഹിച്ചിട്ടുണ്ട്. 'നീ മഹത്തായ സ്വഭാവത്തിനുടമയാകുന്നു' (78:4). ഇവിടെയിതാ പ്രവാചകനെ വാനയാത്ര ചെയ്യിച്ചുകൊണ്ട് അല്ലാഹു തന്റെ വാക്കിന് സമൂർത്തത നൽകുന്നു.

തീർച്ചയായും ദിവ്യത്വത്തിന്റെ പദവിയിലേക്കല്ല പ്രവാചകൻ ആരോഹണം ചെയ്തത്. മാനവിക ഔന്നത്യത്തെ വിളംബരപ്പെടുത്തുക മാത്രമായിരുന്നു. ദൈവിക പ്രാതിനിധ്യം എന്ന പദവി ചുമത്തപ്പെട്ടതിനാൽ മാനവികത മലക്കിയ്യത്തിനേക്കാൾ ശ്രേഷ്ഠതരമായിത്തീർന്നു. അമാനത്തിനെക്കൂടി സ്വയം വരിച്ചതോടെ പ്രപഞ്ചത്തിലെ ഏറ്റവും കരുത്തുറ്റതും ശക്തിമത്തുമായ അസ്തിത്വമായിത്തീർന്നു അത്.

ഈ സവിശേഷതകളുള്ള മാനവികതയെ ഉറപ്പുവരുത്തുന്നതും നിലനിർത്തുന്നതും പ്രവാചകത്വമെന്ന മാനവികതയിലെ തന്നെ ഒരാന്തരിക യാഥാർഥ്യമാണ്. ആദ്യ മനുഷ്യൻ തന്നെ ആദ്യ പ്രവാചകൻ. ഇൻസാനിയ്യത്തിൽ (മാനവികത) നുബുവ്വത്തിന്റെ അനിവാര്യതക്ക് അതടിവരയിടുന്നു. പ്രവാചകത്വത്തിന്റെ ശാശ്വതികത്വം അന്ത്യപ്രവാചകനിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. ഇനി

പ്രവാചകൻ വരില്ല. എന്നാൽ നുബുവ്വത്തിന്റെ വെളിച്ചം ഇൻസാനിയ്യത്തിന്റെ വഴികാട്ടിയായി നിലനിൽക്കും, മുഹമ്മദീയ പ്രവാചകത്വത്തിന്റെ അടയാളമായ ഖുർആനിലൂടെ.

നുബുവ്വത്തിന്റെ ആദ്യത്തിലും അന്ത്യത്തിലും (ആദം, മുഹമ്മദ്) മാനവികതയുടെ ഔന്നത്യം പ്രഖ്യാപിക്കുന്ന രണ്ട് സന്ദർഭങ്ങൾ ഖുർആനിൽ നാം കാണുന്നു. ഒന്ന്, അല്ലാഹുവിന്റെ ആജ്ഞ പ്രകാരം മാലാഖമാർ ആദമിന്റെ മുന്നിൽ പ്രണമിക്കുന്നതാണ്. പ്രവാചകത്വ ശ്രേണിയുടെ ഇങ്ങേയറ്റത്തുള്ള മുഹമ്മദ് നബിയെ മണ്ണിൽനിന്നും വിണ്ണിലേക്കുയർത്തി, വീണ്ടും വീണ്ടുമുയർത്തി, മാലാഖമാരിൽ അതിശ്രേഷ്ഠനു കൂടി അനുമതിയില്ലാത്തേടത്ത് വരെ പ്രവേശനം നൽകി അല്ലാഹു ആതിഥ്യമരുളുന്നതാണ് രണ്ടാമത്തെ സന്ദർഭം.

ആദമും മുഹമ്മദും മാനവികതയുടെ പ്രതിനിധികളാണ്. ഇവിടെ ആദമിലൂടെ, മുഹമ്മദിലൂടെ മാനവത ഔന്നത്യത്തിന്റെ ഉച്ചിയിലെത്തുന്നു. മാനവത എന്നും ഓർത്തുകൊണ്ടേയിരിക്കേണ്ട സംഭവങ്ങളാണവ. നമുക്ക് മിഅ്റാജിലേക്ക് വരാം.

ഹുബൂത് എന്നതിന്റെ വിപരീതമാണ് ഉറൂജ്. ഹുബൂത് എന്നാൽ താഴേക്ക് ഇറങ്ങി വരലാണ്. ഉറൂജ് എന്നാൽ മുകളിലേക്ക് കയറിപ്പോകലും. അതിൽനിന്നാണ് മിഅ്റാജ് ഉണ്ടായിട്ടുള്ളത്. മിഅ്റാജ് സമാഇലേക്കാണ്. സമാഅ് എന്നാൽ ഉന്നതി എന്നർഥം. ഇവിടെ ദാർശനികമായ ഒരു തിരുത്തു കൂടിയുണ്ട്. പാപം ചെയ്തതിന്റെ ഫലമായി ഒരു ശിക്ഷയെന്ന വണ്ണം ദൈവം ആദമിനെ ഭൂമിയിലേക്ക് ഇറക്കിവിട്ടു എന്നാണ് ക്രൈസ്തവ സങ്കൽപം. അങ്ങനെയാണ് ജന്മപാപ സിദ്ധാന്തവും പാപ പരിഹാരാർഥം ക്രിസ്തുവിന്റെ ദിവ്യബലി തുടങ്ങിയ സങ്കൽപങ്ങളും ഉടലെടുക്കുന്നത്. അതെല്ലാം ഖുർആൻ വ്യത്യസ്ത സന്ദർഭങ്ങളിൽ തിരുത്തുന്നുമുണ്ട്. എന്നാൽ ഇനി എന്തെങ്കിലും തെറ്റിദ്ധാരണ അവശേഷിക്കുന്നുവെങ്കിൽ ഈസാ നബിക്കു തൊട്ടുടനെ വന്ന പ്രവാചകനിലൂടെ അത് പരിഹരിക്കപ്പെടണം. ഇവിടെയിതാ ആദമിന്റെ മക്കളിൽ പെട്ട മനുഷ്യനായ അന്ത്യപ്രവാചകൻ മജ്ജയും മാംസവുമുള്ള അതേ മനുഷ്യശരീരവുമായി ദൈവസന്നിധി പ്രാപിച്ചിരിക്കുന്നു (ക്രൈസ്തവ സങ്കൽപപ്രകാരം ഒരു മനുഷ്യന് എത്തിച്ചേരാൻ കഴിയാത്ത അത്യുന്നതി). മാനവികതയുടെ ഔന്നത്യത്തെയും വിശുദ്ധിയെയും കുറിച്ച് ഇനിയും സംശയത്തിനെന്തവകാശം?

ഭൂമിയിൽ ജീവിക്കുമ്പോഴും ഉയർന്നു നോക്കണം എന്നൊരു സന്ദേശം മിഅ്റാജിൽ നിന്ന് ലഭിക്കുന്നുണ്ട്. ഭൂമിയിലെ ചരാചരങ്ങളെല്ലാം ഭൂമിയിൽ തന്നെ സൃഷ്ടിക്കപ്പെട്ടതാണ്. എന്നാൽ മനുഷ്യൻ ഉന്നതങ്ങളിൽ സൃഷ്ടിക്കപ്പെട്ട് ഭൂമിയിൽ ഇറക്കി വിടപ്പെട്ടവനാണ് (2:36, 38). അതിനാൽ മനുഷ്യൻ ഭൂമിയിൽ കാലുറപ്പിച്ചു നടക്കുമ്പോഴും ആകാശത്തേക്ക് കണ്ണയക്കേണ്ടത് അനിവാര്യമാണ്. മനുഷ്യൻ രണ്ട് ലോകങ്ങളിൽ ജീവിക്കാൻ നിർബന്ധിതനാണെന്ന് ബഗോവിച്ച് നിരീക്ഷിക്കുന്നുണ്ട്. ഭൂമിയിലേക്ക് മാത്രമുള്ള പറ്റിച്ചേരൽ അവന്റെ അധഃപതനത്തെയാണ് കുറിക്കുന്നത്. അതവനെ മൃഗത്തേക്കാൾ താഴ്ത്തിക്കളയും.

സൂറ *അൽ അഅ്റാഫിൽ* അല്ലാഹു ഇത്തരമൊരു പതനത്തിന്റെ കഥ വിവരിക്കുന്നുണ്ട്: "അവർക്ക് കേൾപിക്കൂ... നാം ദൃഷ്ടാന്തങ്ങളേകിയവന്റെ കഥ, അതിൽനിന്ന് കുതറിയകന്നതിനാൽ പിശാച് അവന്റെ പിന്നാലെ കൂടി. അവൻ ദുർമാർഗികളിൽ പെട്ടു. നാം വിചാരിച്ചിരുന്നെങ്കിൽ ദൃഷ്ടാന്തങ്ങൾ മുഖേന അവന് ഉന്നതിയേകിയേനെ (റഫഅ്നാഹു). എന്നാലവൻ ഭൂമിയിലേക്ക് പറ്റിച്ചേർന്നു (അഖ്ലദഇലൽ അർളി). തന്നിഷ്ടങ്ങളുടെ പിന്നാലെ പോയി..." (7: 175,176).

സൂറ *അത്തൗബയിൽ* ഇങ്ങനെ കാണാം: "വിശ്വാസികളേ, നിങ്ങൾക്കെന്തു പറ്റിപ്പോയി? ദൈവമാർഗത്തിൽ പടക്കു പുറപ്പെടൂ എന്നു പറഞ്ഞപ്പോൾ, നിങ്ങളിതാ ഭൂമിയിലേക്ക് തൂങ്ങിപ്പോയി- ഇസ്സാഖൽതും ഇലൽ അർളി-" (9:38). ഭൂമിയിൽ കാലുറപ്പിച്ച് നടക്കുമ്പോഴും കാൽ മണ്ണിൽ ആഴ്ന്നു പോകാതെ നോക്കണമെന്നർഥം.

ഉന്നതിയിൽ നിന്നാണ് മനുഷ്യൻ വന്നത്. ഖുർആനിൽനിന്നാണ് അതേക്കുറിച്ച കൃത്യമായ പാഠം നമുക്ക് ലഭിക്കുന്നത്. ബലൂണിലെ വായു പുറത്തുള്ള വായുമണ്ഡലത്തെ സ്വപ്നം കാണുന്നതു പോലെ, വിശ്വാസി എപ്പോഴും ആകാശത്തെ സ്വപ്നം കാണുന്നുണ്ട്. ദൈവത്തെ കാണാനും ദൈവത്തോടടുക്കാനും വിശ്വാസിയെന്ന നിലക്ക്- പ്രവാചകനെന്ന നിലക്ക് വിശേഷിച്ചും- മുഹമ്മദ് നബിയിലും ഈ വികാരമുണ്ടാവണം. നബി(സ)യുടെ ഒരു പ്രാർഥന നസാഇയും അഹ്മദും ഉദ്ധരിക്കുന്നു:

"അല്ലാഹുവേ, ഞാൻ നിന്നോടിരക്കുന്നു- നിന്റെ വിശിഷ്ട മുഖത്തേക്ക് നോക്കി ആനന്ദം കൊള്ളാനുള്ള സൗഭാഗ്യം. ഞാനിതാ യാചിക്കുന്നു- നിന്നെ കാണാനുള്ള പ്രേമം എന്നിൽ നിറക്കാൻ."

പരലോകത്ത് വെച്ച് പൗർണമി ചന്ദ്രന്റെ വ്യക്തതയോടെ വിശ്വാസികൾക്ക് റബ്ബിനെ കാണാം എന്ന് നബി(സ) അറിയിക്കുന്നുണ്ട്. പ്രവാചകന്റെ ഈ പ്രാർഥനയും അവിടെയായിരിക്കും സാർഥകമാവുക (മിഅ്റാജിൽ പ്രവാചകന് നേർക്കുനേർ ദൈവിക ദർശനം സാധ്യമായോ എന്നതിനെ സംബന്ധിച്ച് തർക്കമുണ്ട്). ദൈവിക ദർശനത്തെ സംബന്ധിച്ച ചർച്ച ഒഴിവാക്കിയാൽതന്നെ, മിഅ്റാജ് ദൈവസന്നിധിയോട് പരമമായ അടുപ്പം സാധിച്ചു എന്ന അർഥത്തിൽ അത്യന്തം വിസ്മയകരവും അസുലഭവുമായ മുഹൂർത്തമത്രെ. പ്രവാചകനെ അല്ലാഹു കൂട്ടിക്കൊണ്ടുപോയി, മലക്കുകളുടെ പോലും ജ്ഞാനപരിധി അവസാനിക്കുന്ന സിദ്റത്തുൽ മുൻതഹയുടെയും അപ്പുറത്തേക്ക്. ഇത് മാനവതക്കുള്ള ബഹുമതിയും മാനവകുലത്തിലെ ഓരോരുത്തരെയും മോഹിപ്പിക്കുന്നതുമായ സംഭവമാണ്.

ഓരോ വിശ്വാസിയും ഈ മിഅ്റാജിനെ, ദിവ്യസാമീപ്യത്തെ കൊതിക്കുന്നു, കൊതിക്കണം. പ്രവാചക(സ)ന്റെ മിഅ്റാജ് വേളയിൽ തന്നെ അല്ലാഹു നിശ്ചയിച്ച മറ്റൊരു മിഅ്റാജ് (നമസ്കാരം വിശ്വാസിയുടെ മിഅ്റാജാകുന്നു-നബിവചനം) വഴി വിശ്വാസിക്ക് സിദ്റത്തുൽ മുൻതഹയും കടന്ന് ദിവ്യസന്നിധി അണയാൻ സാധിക്കും. നമസ്കാരത്തിൽ സുജൂദിലാണ് വിശ്വാസി അല്ലാഹുവിനോട് കൂടുതലായി അടുക്കുക എന്നും പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്. സുജൂദിൽ മനുഷ്യൻ എല്ലാ അവയവങ്ങളും ഭൂമിയിലേക്ക് ചേർത്തു വെച്ച് ഭൗതിക ലോകത്തുനിന്ന് പരമാവധി പിൻവാങ്ങുന്നു. അഞ്ച് ഇന്ദ്രിയങ്ങളും ചുറ്റുപാടിനെ സംബന്ധിച്ച് അശ്രദ്ധമായിത്തീരുന്നു. അപ്പോൾ അവന്റെ ആന്തരാത്മാവ് ഉണരുകയുംഅത് അത്യുന്നതങ്ങളിലേക്ക് ധൃതിപ്പെട്ട് ചെന്ന് ദൈവസന്നിധി പൂകി ആനന്ദനിർവൃതി കൊള്ളുകയും ചെയ്യും.

മിഅ്റാജ് പോയ പ്രവാചകൻ ഭൂമിയിലേക്കുതന്നെ തിരിച്ചുവന്ന്, മനുഷ്യനായിത്തന്നെ ജീവിച്ചു മരിച്ചു. ഇസ്‌ലാമിന്റെ ആത്മീയ വിഭാവനയെക്കുറിച്ച ഒരു

കാഴ്ചപ്പാട് കൂടി നമുക്ക് ഇതിൽനിന്ന് ലഭിക്കുന്നുണ്ട്. അഥവാ ആത്മീയ ഔന്നത്യമെന്നാൽ ലൗകിക ജീവിതത്തിന്റെ നിഷേധമല്ല. ആകാശത്തോടുള്ള അടുപ്പം കൂടുംതോറും ഭൂമിയിൽ ശക്തമായ ചുവട് വെപ്പുകൾ നടത്താൻ അവന് കരുത്ത് ലഭിക്കുകയാണ് ചെയ്യുക. നബി(സ)യുടെ മിഅ്റാജിന് ശേഷം, ഹിജ്റയിലൂടെ ആരംഭിച്ച് മഹത്തായ വിജയങ്ങളിലൂടെ നീളുന്ന സംഭവബഹുലമായ ഒരു ലൗകിക ജീവിത ചിത്രം നമുക്ക് ലഭിക്കുന്നുണ്ട്. വെള്ളിയാഴ്ചയിലെ ജുമുഅ നമസ്കാര ശേഷം, "നിങ്ങൾ ഭൂമിയിൽ പരക്കുക" എന്ന് അല്ലാഹു തന്നെ വിശ്വാസികളോട് കൽപിക്കുന്നു (62:10). മറ്റൊരിടത്ത് പ്രവാചകനോട് ഇങ്ങനെ പറയുന്നു: "രാത്രി എഴുന്നേറ്റുള്ള നമസ്കാരം കൂടുതൽ മനസ്സുറപ്പ് നൽകും. മൊഴികൾക്ക് കൂടുതൽ കൃത്യതയേകും. പകൽ നിനക്ക് പിടിപ്പത് പണിയുണ്ടല്ലോ" (73: 6,7).

ഇവിടെയും രാത്രിയിലെ ഏകാന്ത ധ്യാനത്തിനു ശേഷം, പകലുള്ള തിരക്കേറിയ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു. അഥവാ കർമത്തെ നിരാകരിക്കുന്ന ധ്യാനമല്ല, കർമത്തെ കരുത്തുറ്റതും ഊർജസ്വലവുമാക്കുന്ന ധ്യാനമാണ് ഇസ്ലാം മുന്നോട്ടുവെക്കുന്നത്. ■

shanavasthodiyoor@gmail.com